"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- 1975- ലെ കേരള കെട്ടിട നികുതി നിയമം - റവന്യൂ വകുപ്പ് ഈടാക്കി വരുന്ന ഒറ്റത്തവണ കെട്ടിട നികുതിയും ആഡംബര നികുതിയും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള **'കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം'** സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (സ്പെഷ്യൽ സെൽ) വകുപ്പ്**

**സ.ഉ.(കൈ) നം.264/2020/റവ.** തീയതി,തിരുവനന്തപുരം, 03/11/2020

---

പരാമർശം:- 1 9.04.2017,23.05.2017,18.07.2019 എന്നീ തീയതികളിലെ 68089/എസ്.സി1/2006/റവ നമ്പർ കത്തുകൾ.

2 23.09.2020 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ (ഐ.റ്റി സെൽ) 46146/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1975-ലെ കേരള കെട്ടിട നികുതി നിയമ പ്രകാരം റവന്യൂ വകുപ്പ് ഈടാക്കി വരുന്ന ഒറ്റത്തവണ കെട്ടിട നികുതിയും ആഡംബര നികുതിയും സർക്കാരിന്റെ ഗണ്യമായ വരുമാന മാർഗ്ഗമാണ്.വില്ലേജ് ഓഫീസറന്മാർ തങ്ങളുടെ വില്ലേജ് പരിധിയിൽ പുതിയതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾ കണ്ടെത്തി തറവിസ്തീർണ്ണം നിർണ്ണയിച്ച് നികുതി നിർണ്ണയ അധികാരിയായ തഹസിൽദാർക്ക് അസ്സസ്സ്മെന്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനും വില്ലേജ് ഓഫീസറന്മാരിൽ നിന്നും ലഭിക്കുന്ന അസസ്സ്മെന്റ് റിപ്പോർട്ടിന്മേൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തഹസിൽദാർമാർ നികുതി നിർണ്ണയ ഉത്തരവ് നൽകുന്നതിനും അസാധാരണമായ കാലതാമസം ഉണ്ടാകുന്നതു കാരണം ആഢംബര നികുതിയും ഒറ്റത്തവണ കെട്ടിടനികുതിയും യഥാസമയം പിരിച്ചെടുക്കുന്നതിന് സാധിക്കുന്നില്ല. ആയതുകാരണം സർക്കാരിന് കാലകാലങ്ങളിൽ ലഭിക്കേണ്ട വരുമാനം ലഭിക്കാതെ പോവുകയും റവന്യൂ നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. അതേസമയം നികുതി നിർണ്ണയം യഥാസമയം നടക്കാത്തതിനാൽ കെട്ടിട ഉടമകളും ധാരാളം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ആയതുകൊണ്ടുതന്നെ നികുതി നിർണ്ണയം എളുപ്പത്തിൽ സാദ്ധ്യമാക്കുന്നതിനും സുതാര്യത

ഉറപ്പാക്കുന്നതിനും ഒറ്റത്തവണ/ആഡംബര നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുജനങ്ങളിൽ നിന്നും നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു.

2 മേൽ വസ്തുതകൾ കണക്കിലെടുത്ത് പഞ്ചായത്തുകളും / മുൻസിപ്പാലിറ്റികളും/ കോർപ്പറേഷനുകളും കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനും അംഗീകരിക്കുന്നതിനുമായി ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഓൺലൈൻ സംവിധാനമായ സങ്കേതം, സുവേഗ എന്നീ സോഫ്റ്റ്‌വെയറുകളെ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനും കെട്ടിടനികുതി ഓൺലൈനായി ഒടുക്കുന്നതിനും അതോടൊപ്പം എല്ലാ വിവരങ്ങളും കമ്പ്യൂട്ടറൈസ് ചെയ്തു സൂക്ഷിക്കുന്നതിനുമായി ഒരു പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു.ആയതു പ്രകാരം കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള 'കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ' നിർമ്മാണം അന്തിമ ഘട്ടത്തിലാണെന്നും ടി സോഫ്റ്റ്‌വെയർ സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ റവന്യൂ വകുപ്പിൽ മാന്വലായി കൈകാര്യം ചെയ്തു വരുന്ന ഒറ്റത്തവണ/ആഡംബര നികുതികൾ നിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതോടുകൂടി നികുതി നിർണ്ണയം വേഗത്തിൽ സാദ്ധ്യമാകുമെന്ന് മാത്രമല്ല നികുതി നിർണ്ണയത്തിൽ സുതാര്യത ഉറപ്പാക്കാനും വിവരശേഖരണം എളുപ്പത്തിൽ സാദ്ധ്യമാക്കാനും സാധിക്കും.അതുവഴി സർക്കാരിന് ലഭിക്കേണ്ട നികുതി യഥാസമയം ലഭിക്കുന്നതിനും റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനും സാധിക്കും. മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനും അംഗീകരിക്കുന്നതിനുമായി ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഓൺലൈൻ സംവിധാനമായ സങ്കേതം, സുവേഗ എന്നീ സോഫ്റ്റ്‌വെയറുകളെ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് ഫയൽ വർക്കുകൾ

ഉൾപ്പെടെ ഒറ്റത്തവണ/ആഡംബര നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിനും സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും നിലവിൽ ഓൺലൈനായി സ്വീകരിച്ചു വരുന്ന ഭൂനികുതി, പോക്കുവരവ് ഫീസ് എന്നീ നികുതികൾക്കൊപ്പം കെട്ടിട ഉടമകളിൽനിന്നും ഒറ്റത്തവണ/ആഡംബര നികുതികൾ ഓൺലൈനായി സ്വീകരിക്കുന്നതിനും 'കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം' സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനും അനുമതി നൽകികൊണ്ടും ടി സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

ലാൻഡ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും/ RDO-മാർക്കും/തഹസിൽദാർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.(വ്യാപകമായ പ്രചാരണത്തിന്)

കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ